KSEB

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം , തിരുവനന്തപുരം -695004 , കേരളം.

ഫോൺ : +91471 2514472 2514527 2514455 2514608

വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com

## സംഗ്രഹം

കെ.എസ്.ഇ.ബോർഡ് എംപ്ലോയീസ് വെൽഫയർ ഫണ്ടിലേക്കുള്ള (EWF) മാസവരി, KSEB Ltd വിഹിതം, ആനുകൂല്യങ്ങൾ വർദ്ധനവ് വരുത്തി പുറപ്പെടുവിക്കുന്ന ഉത്തരവ്

## കോർപ്പറേറ്റ് ഓഫീസ് (പേഴ്സണൽ)

ബോ.ഉ.(എഫ്.റ്റി.ഡി) നം. 231/2026 ( KSEBL/SEC/PD/341/2024-S7 തിരുവനന്തപുരം, തീയതി. 01.06.2026

പരാമർശം : 1. 16.01.2026 ൽ നടന്ന ഭരണസമിതി യോഗത്തിന്റെ മിനിറ്റ്സ്.
2. 24.11.2025 തീയതിയിലെ സബ് കമ്മിറ്റി EWF മാസവരി/ആനുകൂല്യ വർദ്ധനവ് സംബന്ധിച്ചുള്ള റിപ്പോർട്ടും സാമ്പത്തിക പ്രൊജക്ഷൻ പട്ടികയും.
3. 14.03.2026 ൽ E-Office നോട്ട് പ്രകാരം ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ നൽകിയിട്ടുള്ള നിർദ്ദേശം.
4. ചീഫ് പേഴ്സണൽ ഓഫീസർ & സെക്രട്ടറി, കെ.എസ്.ഇ.ബി എംപ്ലോയീസ് വെൽഫയർ ഫണ്ട് മുഴുവൻ സമയ ഡയറക്ടർമാർ മുൻപാകെ സമർപ്പിച്ച കുറിപ്പ് നമ്പർ. KSEBL/SEC/PD/341/2024-S7 തീയതി 06.05.2026 (Agenda 01/08/05/26).

## ഉത്തരവ്

കെ.എസ്.ഇ.ബി തൊഴിലാളി ക്ഷേമ നിധിയുടെ സാമ്പത്തിക ഭദ്രത വിലയിരുത്തുന്നതിനായി തൊഴിലാളി സംഘടനകളുടെ അംഗങ്ങളെയും ഓഫീസർ സംഘടനകളുടെ അംഗങ്ങളെയും ഉൾപ്പെടുത്തി Secretary, KSEB EWF ചെയർമാനായി രൂപീകരിച്ചിരുന്ന സബ്കമ്മിറ്റിയുടെ റിപ്പോർട്ടും വർദ്ധനവ് വരുത്തുവാൻ നിർദ്ദേശിച്ചിട്ടുള്ള മാസവരിയും ആനുകൂല്യങ്ങളും, മുൻ ഭരണസമിതി യോഗത്തിൽ എടുത്തിരുന്ന തീരുമാനപ്രകാരം തയ്യാറാക്കിയിട്ടുള്ള സാമ്പത്തിക ബാദ്ധ്യത സംബന്ധിച്ച പട്ടികയും 05.05.2026 - ൽ കൂടിയ മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗത്തിന് മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

KSEB Ltd ന്റെ വിഹിതം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനം ബോർഡ് ഉത്തരവ് മുഖേന പുറപ്പെടുവിക്കുന്നതിനുള്ള അനുമതിക്കായി മേൽ വിഷയം പരാമർശം (4) കുറിപ്പ് പ്രകാരം മുഴുവൻ സമയ ഡയറക്ടർമാർ പരിഗണിക്കുകയുണ്ടായി.

വർദ്ധനവ് വരുത്തുന്നതിനായി നിർദ്ദേശിച്ച EWF മാസവരിയും ആനുകൂല്യങ്ങളും ചുവടെ ചേർക്കുന്നു.

| Sl. No. | Item | Prevailing rate | Proposed rate |
|---|---|---|---|
| 1 | Monthly subscription (employee contribution) | Rs. 500/- | Rs. 725/- |
| 2 | Monthly subscription (Board's subscription) | Rs. 100/- | Rs. 175/- |
| 3 | Retirement benefits | Rs. 7,200/- | Rs. 10,440/- |

| | | | |
|---|---|---|---|
| 4 | Death benefit (accident) | Rs. 12,00,000/- | Rs. 14,00,000/- |
| 5 | Death benefit (normal) | Rs. 12,00,000/- | Rs. 13,00,000/- |
| 6 | Disablement benefit<br>Below 50 years of age<br>Above 50 years of age | <br>Rs. 4,00,000/-<br>Rs. 3,50,000/- | <br>Rs. 5,00,000/-<br>Rs. 5,00,000/- |

06.05.2026 ന് ചേർന്ന മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗം മേൽ വിഷയം വിശദമായി പരിശോധിക്കുകയും ചുവടെ ചേർക്കുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

**KSEB വെൽഫയർ ഫണ്ടിലേക്കുള്ള ജീവനക്കാരുടെ മാസവരി 500/- രൂപയിൽ നിന്നും 750/- ആയി വർദ്ധനവ് വരുത്തുവാനും KSEB Ltd വിഹിതം 100/- രൂപയിൽ നിന്ന് 150/- രൂപയിലേക്ക് വർദ്ധനവ് വരുത്തുവാനും തീരുമാനമെടുത്തു. മേൽ സൂചിപ്പിച്ച പ്രകാരം വർദ്ധനവ് വരുത്തിയ നിരക്കിന് 01.06.2026 (2026 ജൂലൈ മാസം വിതരണം ചെയ്യുന്ന ജൂൺ മാസ ശമ്പളത്തിൽ) മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. ആയത് സംബന്ധിച്ച അറിയിപ്പുകളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചുള്ള വിശദമായ പരിപത്രം EWF സെക്രട്ടറി പുറപ്പെടുവിക്കുന്നതാണ്.**

തൊഴിലാളി ക്ഷേമനിധിയുടെ വർദ്ധനവ് വരുത്തിയ മാസവരി തുക HRIS ൽ update ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ചീഫ് എഞ്ചിനീയർ (IT, CR & CAPS) ക്കു നൽകുന്നതാണ്.

തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമുള്ള എല്ലാ ജീവനക്കാരുടെയും KSEB Ltd ന്റെ പ്രതിമാസ വിഹിതമായ 150/- രൂപ, ഓരോ സാമ്പത്തിക വർഷവും, ഫണ്ടിലേയ്ക്ക് സമയ ബന്ധിതമായി കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ ഫിനാൻഷ്യൽ അഡ്വൈസർ സ്വീകരിക്കേണ്ടതാണ്.

മേൽ തീരുമാനങ്ങൾ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുഴുവൻ സമയ ഡയറക്ടർമാരുടെ ആജ്ഞാനുസരണം

ഒപ്പ്
**ലേഖ. ജി**
**കമ്പനി സെക്രട്ടറി**

സ്വീകർത്താവ്

ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം)

പകർപ്പ് :-

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ/ ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ/ ചീഫ് വിജിലൻസ് ഓഫീസർ/ കമ്പനി സെക്രട്ടറി /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും / ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/ ടി. എ ടു ഡയറക്ടർ (എച്ച്.ആർ.എം, സ്പോർട്സ്, വെൽഫയർ, സേഫ്റ്റി & ക്വാളിറ്റി അഷ്വറൻസ്)/ ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ & എസ്.സി.എം)/ ടി. എ ടു ഡയറക്ടർ(ജനറേഷൻ – ഇലക്ട്രിക്കൽ, റീസ്, സൗര)/ ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ & എസ്.ഒ ഫുൾ അഡീഷണൽ ചാർജ്ജ്)/എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും / ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ) പി. എ ടു ഡയറക്ടർ (ഫിനാൻസ്) / എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)/ ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്.